പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2587 | 10.12.2014- ൽ മറുപടിക്ക് |
|---|---|

## ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ പരിശോധനയുടെ അനന്തര നടപടികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി. കെ. എസ്. സലീഖ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര ഹോട്ടലുകൾ, ബേക്കറികൾ, പച്ചക്കറി/പഴവർഗ്ഗ വില്പനശാലകൾ, മറ്റു ഭക്ഷോല്പന്ന വിപണന ശാലകൾ, ഇൻഡ്യൻ കോഫി ഹൗസുപോലുള്ള സഹകരണ/സർക്കാർ ഹോട്ടലുകൾ, ക്യാന്റീനുകൾ, ഇറച്ചി വിപണനശാലകൾ എന്നിവയിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധന നടത്തിയെന്നും കുറ്റക്കാരായി കണ്ടെത്തിയ സ്ഥാപനങ്ങൾ എത്രയെന്നും പിഴയിനത്തിൽ പിരിച്ചെടുത്ത തുക എത്രയെന്നും വ്യക്തമാക്കാമോ; | എ) | (പട്ടിക താഴെ) |

| ജില്ല | പൂട്ടിച്ച സ്ഥാപനങ്ങളുടെ എണ്ണം | ഈടാക്കിയ പിഴ |
|---|---|---|
| തിരുവനന്തപുരം | 40 | 8,35,000/- |
| കൊല്ലം | 67 | 68,000/- |
| പത്തനംതിട്ട | 38 | 2,36,000/- |
| ആലപ്പുഴ | 12 | 69,000/- |
| കോട്ടയം | 10 | 1,23,500/- |
| ഇടുക്കി | 5 | 1,26,000/- |
| എറണാകുളം | 38 | 13,40,000/ |
| തൃശ്ശൂർ | 10 | 2,80,000/- |
| മലപ്പുറം | 10 | 3,30,000/- |
| പാലക്കാട് | 6 | 3,10,000/- |
| കോഴിക്കോട് | 12 | 3,40,000/- |
| വയനാട് | 6 | 2,25,000/- |
| കണ്ണൂർ | 4 | 2,45,000/- |
| കാസറഗോഡ് | — | 3,60,000/- |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| ബി) | ഒരിക്കൽ കുറ്റക്കാരായി കണ്ടെത്തുകയും ശിക്ഷാ നടപടികൾക്കുശേഷം വീണ്ടും കുറ്റക്കാരായി കണ്ടെത്തിയ എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നും അത്തരം സ്ഥാപനങ്ങൾക്കെതിരെ | ബി) | പിഴ നൽകി വീണ്ടും തുറന്ന സ്ഥാപനങ്ങളിൽ വീണ്ടും ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധനകൾ നടത്താറുണ്ട്. വീണ്ടും അത്തരം സ്ഥാപനങ്ങളിൽ വീഴ്ച കണ്ടെത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| | എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | | |
| സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും ആഹാരവസ്തുക്കൾ കഴിച്ചതുമായി ബന്ധപ്പെട്ട് എത്ര പേർ മരണപ്പെടുകയുണ്ടായി; വ്യക്തമാക്കുമോ; | സി) | ഒരാൾ മരണപ്പെട്ടത് സംബന്ധിച്ച കേസ് നിലവിലുണ്ട്. |
| ഡി) | ഭക്ഷ്യ വിപണന മേഖലയിൽ ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്താനായി ഓരോവർഷവും നിയമവിരുദ്ധ പ്രവൃത്തികൾ തടയാനായി ഭക്ഷ്യസുരക്ഷാ വാരങ്ങൾ ഉൾപ്പെടെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി; എന്ത് തുക ഇതിനായി ചെലവാക്കി; വ്യക്തമാക്കുമോ; | ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് ഊർജ്ജിത ഭക്ഷ്യ സുരക്ഷാ വാരാചരണം നടത്തിയ വകയിൽ 2,15,000 രൂപ ചിലവായിട്ടുണ്ട്. |
| ഇ) | ഭക്ഷ്യസുരക്ഷാ മേഖലയിൽ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരിൽ കൈക്കൂലി തുടങ്ങി നിയമവിരുദ്ധ പ്രവൃത്തികൾ നടത്തിയതായി കണ്ടെത്തിയ ഉദ്യോഗസ്ഥർ ആരെല്ലാം; വ്യക്തമാക്കുമോ? | ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈക്കൂലി തുടങ്ങി നിയമവിരുദ്ധ പ്രവൃത്തികളിൽ ഉദ്യോഗസ്ഥർ ആരും തന്നെ ഉൾപ്പെട്ടതായി കണ്ടെത്തിയിട്ടില്ല. |

(signature)

**സെക്ഷൻ ഓഫീസർ**